9 A. M.

ശ്രീ. ടി. ഒ. ബാവ: ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ തിങ്കളാഴ്ച തരാൻ ഏർപ്പാടുചെയ്താൽ കൊള്ളാം. ഇതിനുമുൻപു് അങ്ങനെ അനുവദിച്ചിട്ടുണ്ടു്.

മി. സ്പീക്കർ: ഉത്തരം മേശപ്പുറത്തു വച്ചിട്ടുണ്ടു്.

റൂൾ 66 അനുസരിച്ചു് ശ്രീമതി കുസുമം ജോസഫ് ഒരു നോട്ടീസു് തന്നിട്ടുണ്ടു്. അതേപ്പറ്റി സംസാരിക്കാനുണ്ടെങ്കിൽ ആകാം.

CALLING ATTENTION UNDER RULE 66 — RE: LOW PERCENTAGE OF PASSES IN THE RECENT S. S. L. C. EXAMINATION.

ശ്രീമതി കുസുമം ജോസഫ്: സർ, ഈ സ്കൂൾവർഷത്തെ സിക്സ്ത്ത് ഫാറത്തിലെ റിസൽട്ടു് പബ്ലിഷ്ചെയ്തപ്പോൾ വളരെയധികം നിരാശകൂട്ടികൾക്കും രക്ഷകർത്താക്കൾക്കും ഉണ്ടായിട്ടുണ്ടു്. മുൻകൊല്ലങ്ങളിൽ ഒരിക്കലും സംഭവിച്ചിട്ടില്ലാത്തരീതിയിൽ വെറും 35 ശതമാനം വിദ്യാർത്ഥികൾമാത്രമാണു് പാസ്സായിട്ടുള്ളതു്. 65 ശതമാനം വിദ്യാർത്ഥികളും തോറ്റവരാണു്. അതു വിദ്യാർത്ഥികളുടെമാത്രം കുറ്റംകൊണ്ടാണെന്നു പറയാൻ നിവൃത്തിയില്ല. കാരണം, കഴിഞ്ഞവർഷം 3-ാമത്തെ ടേംവരെ പല സ്കൂളുകളിലും പുസ്തകങ്ങൾപോലും കിട്ടിയിരുന്നില്ല. മാത്രമല്ല പല സ്കൂളുകളിലും അദ്ധ്യാപകരുടെ ആവശ്യത്തിനുണ്ടായിരുന്നില്ല. ഞാൻ മനസ്സിലാക്കുന്നതു് ഏറെക്കുറെ ബായ്സ് ഹൈസ്കൂളിൽ പരീക്ഷയ്ക്കു വന്ന വിദ്യാർത്ഥികൾപോലും കഴിഞ്ഞവർഷം പഠിപ്പിച്ചിട്ടില്ലാത്ത ചോദ്യങ്ങളാണു് വന്നതെന്ന കാരണത്താൽ ഇറങ്ങിപ്പോകുന്ന സാഹചര്യമുണ്ടായിരുന്നു എന്നാണു്. അപ്പോൾ ഇങ്ങനെ അവരുടേതല്ലാത്ത കുറ്റംകൊണ്ടു്, ഡിപ്പാർട്ടുമെൻറു് കാരുണ്യമായി പ്രവർത്തിക്കാതിരുന്നതുകൊണ്ടു് കഴിഞ്ഞവർഷത്തെ റിസൽട്ടു് മോശമായിപ്പോയതിൻെറ പേരിൽ വിദ്യാർത്ഥികൾ ഇന്നു് ആ റിസൽട്ടു പുനഃപരിശോധനചെയ്യണമെന്ന ഒരാവശ്യം ഉന്നയിച്ചിരിക്കുകയാണു്. വാസ്തവത്തിൽ 50 ശതമാനം വിദ്യാർത്ഥികളെങ്കിലും പരീക്ഷയ്ക്കു ചേരുന്നവരുടെ ക്ലാസ്സിൽ പാസ്സായില്ലെങ്കിൽ അതു ശോചനീയമായ ഒരവസ്ഥയായിരിക്കുമെന്നു ഞാൻ കരുതുകയാണു്. അതുകൊണ്ടു് ഈ കഴിഞ്ഞ വർഷത്തിലുണ്ടായ പ്രത്യേക സാഹചര്യത്തിൻെറ വെളിച്ചത്തിൽ വിദ്യാർത്ഥികളെ ഒരു സമരത്തിലേയ്ക്കു് നീങ്ങുമെന്നു പ്രസ്താവിച്ചിട്ടുണ്ടു് എന്നാണു് ഞാൻ അറിയുന്നതു്. അങ്ങനെ അനാശാസ്യമായ സംഭവവികാസങ്ങൾ നമ്മുടെ ഈ സംസ്ഥാനത്തു് ഉണ്ടാകുന്നതിനെ ഒഴിവാക്കാൻവേണ്ടി ഗവൺമെൻറിൻെറ നിലപാടു വ്യക്തമാക്കണമെന്നു് ഞാൻ ഈയവസരത്തിൽ അഭ്യർത്ഥിക്കുകയാണു്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി): സർ, സാധാരണ ഗവൺമെൻറിൻെറ നില വ്യക്തമാക്കാൻ ആവശ്യമില്ലാത്ത ചുരുക്കം ചില കാര്യങ്ങളിലൊന്നാണിതെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണു്. പരീക്ഷ നടത്തുന്നതു ഗവൺമെൻറല്ല. ഗവൺമെൻറിൻെറ കീഴിൽ പ്രത്യേക അധികാരത്തോടുകൂടിയ ബോർഡുകളും ഉണ്ടു്. യൂണിവേഴ്സിറ്റി പരീക്ഷകളും നടത്തുന്നതിനു് ഒരു ബോർഡുണ്ടു്. എസ്. എസ്. എൽ. സി. പരീക്ഷ നടത്തുന്നതിനു് വേറെ ഒരു ബോർഡുണ്ടു്. ഇതൊക്കെ മനസ്സിലാക്കിയിട്ടു പറയുകയാണെന്നു തോന്നുന്നില്ല. റിസൽട്ടിൽ തകരാറു വന്നതു് ഡിപ്പാർട്ടുമെൻറിൻെറ തകരാറുകൊണ്ടാണെന്നു് വാദിച്ചുറപ്പിക്കാൻ ശ്രമിച്ചതുപോലെ കുട്ടികളെ സ്കൂളിൽത്തന്നെ ഇരുത്താൻ വല്ല ഏർപ്പാടും സ്വീകരിക്കാൻ കഴിയുമെങ്കിൽ കൊള്ളാമായിരുന്നു. രാജ്യത്തു് ആവശ്യമില്ലാത്ത പല അസ്വാസ്ഥ്യങ്ങളുമുണ്ടാക്കിയിട്ടു കുട്ടികൾക്കു് സ്കൂളിലിരുന്നു പഠിക്കാനുള്ള സമയം വളരെ വളരെ കുറഞ്ഞുപോയതുകൊണ്ടു് റിസൽട്ടിൽ വല്ല അപാകതയും സംഭവിച്ചിരിക്കും. അല്ലാതെയൊന്നും സംഭവിച്ചിട്ടില്ല. മനസ്സിലാക്കിയിട്ടാണു് പറയുന്നതെങ്കിൽ രസമുള്ളതായിരുന്നു. സ്കൂൾ ഫൈനൽ പരീക്ഷയുടെ റിസൽട്ടു് അനൌൺസ് ചെയ്യുമ്പോൾ ആ കൊല്ലത്തെ ക്ലാസ്സു് മാർക്കു പരിശോധിച്ചു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

ശേഷം പത്തോ പതിനഞ്ചോ മാർക്കുകൂടി മോഡറേഷൻ മാർക്കുകൊടുക്കുന്ന പതിവുണ്ടായിരുന്നു. അങ്ങനെ പത്തും പതിനഞ്ചും മാർക്കു കൂട്ടിയിട്ട് കുട്ടികളെ പാസ്സാക്കുന്ന സമ്പ്രദായത്തിനെതിരായി ഇൻഡ്യാഗവണ്മെൻറ് എടുത്തിട്ടുള്ള നിലപാടു് ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ട്. മുൻപുണ്ടായിരുന്ന നടപടിയാണതു്. മെസ്സേഴ്സ് ഓക്സ്ഫോർഡോ എന്നറിഞ്ഞുകൂടാ. 15 മാർക്കു് ഗ്രേസ്മാർക്കു് കൊടുക്കുന്ന സമ്പ്രദായം കുറെയ്ക്കു കുറച്ചു പത്താക്കി, പിന്നീടു് ഏഴാക്കി, ബാക്കി മൂന്നാക്കി. ഇക്കൊല്ലം മൂന്നുമാർക്കേ അഡിഷനലായി കൊടുക്കാൻ നിവൃത്തിയുള്ളു. യൂണിവേഴ്സിറ്റിയുടെ നിർദ്ദേശമനുസരിച്ചാണു് ഗ്രേസ്മാർക്കു് കുറച്ചതു്. പത്തും പതിനഞ്ചും മാർക്കു കൂട്ടിയിട്ടു കൊടുത്താൽ പാസ്സാകാനർഹതയില്ലാത്തവർ പാസ്സാകും അങ്ങനെ അനാവശ്യമായ പാഴ്ചെലവു പരിഹരിക്കാൻവേണ്ടിയാണു് അർഹതയുള്ള കുട്ടികളെ മാത്രം പാസ്സാക്കിയാൽ മതിയെന്നു് തീരുമാനിച്ചിട്ടുള്ളതു്. ഏതാണ്ടു് അതിർത്തിയിൽ നിൽക്കുന്ന കുട്ടികൾക്കു് അപകടവുണ്ടാകാതിരിക്കാൻ വേണ്ടി പത്തും പതിനഞ്ചും കൊടുത്തിരുന്ന സ്ഥാനത്തു് രണ്ടോ മൂന്നോ ഗ്രേസ്മാർക്കു കൊടുത്താൽ മതിയാകുമെന്നു തീരുമാനിച്ചിട്ടുള്ളതു്. അല്ലാതെ അനാശാസ്യമായ നിലയിൽ പ്രവർത്തിച്ചതുകൊണ്ടോ കാര്യക്ഷമതയില്ലാത്തതുകൊണ്ടോ സംഭവിച്ചതാണെന്നു പറയുന്നതു തെറ്റാണു്. ഈ സംഗതി മനസ്സിലാക്കിയിട്ടു സമരത്തിനു പുറപ്പെടാൻ ഉപദേശിക്കണം.

ശ്രീമതി കുസുമം ജോസഫ്: വളരെ കുട്ടികളുടെ പരീക്ഷാഫലം തടഞ്ഞുവച്ചിട്ടുള്ളതെന്താണു്?

Mr. Speaker: No question are allowed now.

PAPERS LAID ON THE TABLE.

Minister for Revenue (**Smt. K. R. Gouri**): Sir, I lay on the Table a copy of the Kerala Weights and Measures (Enforcement) Rules, 1958 and the amendments thereto issued under Section 43 of the Kerala Weights and Measures (Enforcement) Act, 1958.

LEGISLATIVE BUSINESS.

The Kerala Dowry Prohibition Bill, 1958.

Minister for Law (**Shri V. R. Krishna Iyer**): Sir, I move that the time for making of the Report of the Select Committee on the Kerala Dowry Prohibition Bill, 1958, be extended up to 30th September 1959.

Minister for Public Works (**Shri T. Abdul Majeed**): I second the motion.

The motion was put and carried.

The Christian Succession Act Repeal Bill 1958.

Minister for Law (**Shri V. R. Krishna Iyer**): Sir, I move that the time for making of the Report of the Select Committee on the Christian Succession Acts (Repeal) Bill, 1958 be extended up to 30th September 1959.

Minister for Land Revenue (**Smt. K. R. Gouri**): I second it.

The motion was put and carried.

LIBRARY ARCHIVES Kerala Legislative Assembly